**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4268 19/10/2011-ൽ മറുപടിയ്ക്ക്**

**കുന്നത്ത് പേപ്പർ മിൽ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ : | ശ്രീ. ഷിബുബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കുന്നത്ത് പേപ്പർ മിൽ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നത് സംബന്ധിച്ച അപേക്ഷ പരിഗണനയിൽ ഉണ്ടോ ;<br><br>(ബി) അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ; | (എ) & (ബി) നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ ഇ.എസ്.ഐ. പദ്ധതി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച അപേക്ഷ പരിശോധിക്കുകയും അത് ഫെയ്സ്ഡ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ഇ.എസ്.ഐ. കോർപ്പറേഷന് ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) അടിയന്തിര പ്രാധാന്യത്തോടെ കുന്നത്ത് പേപ്പർ മിൽ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഫെയ്സ്ഡ് പ്രോഗ്രാമിൽ ഉൾപ്പെടുത്തണമെന്ന ശുപാർശ ഇ.എസ്.ഐ. കോർപ്പറേഷൻ അംഗീകരിക്കുന്ന മുറയ്ക്ക് കുന്നത്ത് പേപ്പർ മിൽ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ